

**മത്സ്യം ചോദ്യം ഉത്തരം**

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. ഇ മെയിൽ: kvkernakulam@yahoo.co.in

# മത്സ്യത്തെ മറ്റൊരു ടാങ്കിലേക്ക് മാറ്റുമ്പോൾ

? എനിക്ക് ഭംഗിയേറിയ ഒരു അരോണ മത്സ്യം ഉണ്ടായിരുന്നു. നല്ല വലുപ്പമുണ്ടായിരുന്ന അതിനെ ഇടയ്ക്ക് വലിയ ഗ്ലാസ് ടാങ്കിലേക്ക് മാറ്റി. മാറ്റുന്നതിനിടയിൽ പിടച്ചിലും പാച്ചിലും മൂലം പരുക്കു പറ്റി. 3-4 ദിവസം കഴിഞ്ഞപ്പോൾ ചത്തു പോയി. ഇവയെ സുരക്ഷിതമായി മാറ്റാനുള്ള മാർഗം പറഞ്ഞു തരാമോ.

ജറാൾഡ് ബി. മിറാൻഡ,
തോന്നയ്ക്കൽ

● വലുപ്പം കൂടിയ അരോണമത്സ്യങ്ങളെ ഒരു ടാങ്കിൽനിന്നു മറ്റൊരു ടാങ്കിലേക്ക് മാറ്റാൻ ശ്രമിക്കുമ്പോൾ ഇവ ശക്തമായി പ്രതിരോധിക്കും. അതിനാൽ നല്ല തയാറെടുപ്പോടെ വേണം ഇവയെ മാറ്റാൻ. ആദ്യം തന്നെ, മത്സ്യത്തെ പിടിക്കുന്നതിനായി മിനുസമാർന്ന ചരടുകൾ കൊണ്ട് ഉണ്ടാക്കിയ കോരുവല തയാറാക്കി വയ്ക്കണം. ഈ കോരുവലയുടെ വായ്ഭാഗത്തിനു ചുരുങ്ങിയത് 45 സെ.മീ. വ്യാസം ഉണ്ടായിരിക്കണം.

അരോണയെ മാറ്റാൻ ഉദ്ദേശിക്കുന്ന ടാങ്കിന്റെ മുകളിലുള്ള മൂടിയും, ലൈറ്റ് യൂണിറ്റും മറ്റും ആദ്യം തന്നെ മാറ്റി പരിപൂർണമായും തുറന്നുവയ്ക്കണം. മത്സ്യത്തെ പിടിച്ചുകഴിഞ്ഞാൽ ഒരു മിനിറ്റിനുള്ളിൽ തന്നെ പുതിയ ടാങ്കിൽഇടേണ്ടതിനാൽ ടാങ്കുകൾക്കിടയിൽ തടസ്സമൊന്നുമില്ല എന്ന് ഉറപ്പുവരുത്തുകയും വേണം.

അരോണയെ കോരുവല വച്ചു പിടിക്കുമ്പോൾ ഇവ ശക്തമായി പിടയ്ക്കാനിടയുള്ളതിനാൽ കട്ടി കൂടിയ കോട്ടൺ ടവൽ കൂടി കരുതണം. കൂടുതൽ പിടയ്ക്കുന്നുവെന്നു തോന്നിയാൽ ഈ ടവൽ കോരുവലയുടെ വായ്ഭാഗത്ത് ഇടണം. മത്സ്യത്തെ മാറ്റാൻ തുടങ്ങുന്നതിനു മുൻപ് അരോണയുള്ള ടാങ്കിലെ വെള്ളത്തിന്റെ 90 ശതമാനവും മാറ്റണം. അതിനു ശേഷം കോരുവല ഉപയോഗിച്ചു പിടിച്ച് ശ്രദ്ധാപൂർവം പുതിയ ടാങ്കിലേക്ക് ഇടണം.

മത്സ്യക്കൃഷിയിലെ സംശയങ്ങൾ അയയ്ക്കേണ്ട വിലാസം:

പത്രാധിപർ,
കർഷകശ്രീ,
മലയാള മനോരമ,
കോട്ടയം 1.
ഇ മെയിൽ:
karsha@mm.co.in

